**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3344** **25-10-2021 - ൽ മറുപടിയ്ക്ക്**

**തലശ്ശേരി പെൻഷൻ പേമെന്റ് ട്രഷറിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുവാൻ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തലശ്ശേരി പെൻഷൻ പേമെന്റ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തലശ്ശേരി നഗരസഭയുടെ കൈവശമുള്ള ഭൂമി അനുവദിക്കുന്നത് സംബന്ധിച്ച (L2/15/20 റവന്യൂ വകുപ്പ്) ഫയലിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; ഈ വിഷയത്തിൻമേൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (എ) | തലശ്ശേരി പെൻഷൻ പേമെന്റ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നഗരസഭയുടെ ഉടമസ്ഥതയിലുള്ള തലശ്ശേരി അംശം വാടിക്കകം ദേശം വാർഡ് 5 ബ്ലോക്ക് 7 ൽ സർവ്വെ നം. 112 ൽ ഉൾപ്പെട്ട 15.7 സെന്റ് സ്ഥലത്ത് നിന്നും 10.7 സെന്റ് സ്ഥലം ട്രഷറി വകുപ്പിന് കൈമാറി നൽകുന്ന വിഷയത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് റവന്യൂ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. പ്രസ്തുത വിഷയം L2/15/2020/റവ പ്രകാരം പരിശോധിക്കുകയും തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഫയൽ താഴെ കാണുന്ന അഭിപ്രായത്തോടെ തുടർനടപടി സ്വീകരിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന് മടക്കി നൽകിയിട്ടുള്ളതാണ്. "നഗരസഭയുടെ ഉടമസ്ഥതയിലുള്ള തലശ്ശേരി അംശം വാടിക്കകം ദേശം വാർഡ് 5 ബ്ലോക്ക് 7 ൽ സർവ്വെ നം. 112 ൽ ഉൾപ്പെട്ട നഗരസഭയുടെ കൈവശമുള്ള 10.7 സെന്റ് ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് പുനർ നിക്ഷിപ്തമാക്കുന്ന വിഷയത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിനു തന്നെ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും പ്രസ്തുത ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് പുനർനിക്ഷിപ്തമാക്കി ലഭിക്കുന്ന മുറയ്ക്ക് ടി ഭൂമി, സേവന വകുപ്പായ ട്രഷറി വകുപ്പിന് കൈമാറി നൽകാനുള്ള തുടർ നടപടികൾ റവന്യൂ വകുപ്പ് സ്വീകരിക്കുന്നതാണെന്നുമുള്ള വിവരം അറിയിച്ചു കൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഫയൽ മടക്കുന്നു". |

സെക്ഷൻ ഓഫീസർ